എമ്മാവൂസ്
# വചനദൂത്

Vol.27 / Issue - 43 / 16 April 2017

ഉയിർപ്പുതിരുന്നാൾ (മത്തായി 28:1–10, യോഹ 20:1–18)



# മരണത്തെ പരാജയപ്പെടുത്തിയവൻ

ബ്ര. ജോസഫ്, പട്ടേട്ട്

“ക്രിസ്തു മരിച്ചവരുടെയിടയിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം” (1 കോറി 15:14). “എന്നാൽ നിദ്രപ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു മരിച്ചവരുടെയിടയിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടു” (1 കോറി 15:20). ക്രിസ്തുവിന്റെ അപ്പസ്തോലനെന്ന പദവിക്ക് ഏറ്റവും ഒടുവിലായി അർഹനായ, അവന്റെ ജീവിതകാലത്തോ മരണവേളയിൽപ്പോലും ക്രിസ്തുവിനെ ശത്രുവായി കണ്ടിരുന്ന, പിന്നീട് വർദ്ധിച്ച തീക്ഷണതയോടുകൂടി യേശുവിന് സാക്ഷ്യം വഹിച്ചവനുമായ പൗലോസ് അപ്പസ്തോലന്റെ വാക്കുകളാണ് ഇവ. ക്രിസ്തുനാഥന്റെ ഉത്ഥാനത്തിരുന്നാളിന്റെ മംഗളങ്ങളും സമാധാനവും ഏവർക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.

ലോയ്ഡ് ഡഗ്ലസിന്റെ “ദി റോബ്” എന്ന വിശ്വപ്രസിദ്ധമായ നോവലിനെ ആസ്പദമാക്കി നിർമ്മിച്ച ചലച്ചിത്രമുണ്ട്. ‘ദി റോബ്’ എന്നത് യേശുവിന്റെ മേല

ങ്കിയാണ്. മരണവേളയിൽ കുരിശിന്റെ ചുവട്ടിൽവച്ച് പടയാളികൾ നറുക്കിട്ടെടുത്ത മേലങ്കി. നറുക്ക് വീണത് മാഴ്സലസ് ഗാലിയോ എന്ന റോമൻ പടയാളിക്കായിരുന്നു. അയാൾ ആ മേലങ്കി സ്വന്തമാക്കി. എന്നാൽ മേലങ്കി അയാളുടെ കയ്യിൽ നിന്നും സെമട്രിയൂസ് എന്ന അടിമ മോഷ്ടിച്ചു. അതിൽ പിന്നെ ഗാലിയോയുടെ ഉറക്കം നഷ്ടപ്പെടുകയും ചെയ്തു. സംഭവമറിഞ്ഞ് ചക്രവർത്തി മേലങ്കി കണ്ടുപിടിച്ച് നശിപ്പിക്കുവാൻ ഉത്തരവിട്ടു. അവസാനം ഗാലിയോ ഒരു കച്ചവടക്കാരന്റെ വേഷം കെട്ടി ക്രിസ്ത്യാനികളുടെയിടയിലും അന്വേഷണമാരംഭിച്ചു. അവിടെ വെച്ച് ഗാലിയോ കേൾക്കുന്നത് യേശുവിനെക്കുറിച്ചുള്ള ഒരു പുതിയ കഥയാണ്. യേശു മരിച്ചവരിൽ നിന്ന് ഉയിർത്തുവത്രേ. ഇതുകേട്ട ഗാലിയോ പൊട്ടിത്തെറിച്ചു "അസംബന്ധം പറയരുത്. ഞാൻ അവന്റെ കഥ കഴിച്ചതാണ്. ഇതു പച്ചക്കള്ളമാണ്." അപ്പോൾ ഇവയെല്ലാം കേട്ടുകൊണ്ടിരുന്ന ഒരു സാധുസ്ത്രീ ഇങ്ങനെ പറഞ്ഞു. "അല്ല. അങ്ങേയ്ക്കു തെറ്റുപറ്റിയിരിക്കുന്നു. അങ്ങ് അദ്ദേഹത്തെ വധിച്ചുവെങ്കിൽ അതൊരു തുടക്കം മാത്രമായിരുന്നു." മനുഷ്യൻ അവസാനിപ്പിച്ചിടത്തുനിന്ന് ദൈവം ആരംഭിച്ചതിന്റെ അനുസ്മരണമാണ് ഉയിർപ്പുതിരുന്നാൾ.

യേശുവിന്റെ മരണം കൊണ്ട് എല്ലാം അവസാനിച്ചു എന്നു കരുതിയവർക്ക് തെറ്റിപ്പോയി. പിതാവ് ഏൽപ്പിച്ച ദൗത്യവുമായി വന്ന പുത്രനെ മനുഷ്യൻ തന്റെ ഇത്തിരി ബുദ്ധിയുടെയും ശക്തിയുടെയും പിൻബലത്തിൽ നിഗ്രഹിച്ച് അവസാനിപ്പിച്ചുവെന്നു കരുതിയ ലോകത്തിനു മുമ്പിൽ ദൈവപിതാവിന് പ്രവർത്തിക്കുവാൻ സമയമായി എന്ന് തിരുവുത്ഥാനം നമുക്ക് സാക്ഷ്യം നൽകുന്നു.

മനുഷ്യൻ ഉരുട്ടിവച്ച് കാവൽ നിന്ന കല്ലുകൾ ദൈവശക്തിയുടെ പിൻബലത്താൽ മാറ്റപ്പെട്ടു. അങ്ങനെ ദൈവം സർവ്വശക്തനാണെന്ന് കാൽവരിക്കപ്പുറം തെളിയിക്കപ്പെട്ടു. കാൽവരിയും അവിടെ ഉയർന്ന മരക്കുരിശും അതിന്റെ കദനഭാരവും നാം ആചരിച്ച തപസ്സുദിനങ്ങളുമൊക്കെ ഒരുപക്ഷേ ഏറെ സംശയങ്ങളും അതിൽ നിന്നുളവായ ചോദ്യശരങ്ങളുമൊക്കെ ഉയർത്തിക്കൊണ്ടായിരിക്കാം ഈ നോമ്പുകാലവും നമുക്കു മുന്നിലൂടെ കടന്നുപോയത്?

"എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് അങ്ങ് എന്നെ ഉപേക്ഷിച്ചു." എന്ന് പുത്രൻ നിലവിളിച്ചപ്പോൾ പിതാവ് എവിടെയായിരുന്നു? നീതിമാന്റെ നിലവിളിക്കുമുമ്പിൽ ദൈവം നിശബ്ദത പാലിച്ചതെന്തുകൊണ്ട്? കാൽവരിയുടെ ഏകാന്തതയിൽ ആശ്രയബോധം നഷ്ടപ്പെട്ട് ജീവിതത്തിന്റെ പ്രതിസന്ധികളിൽ നിൽക്കുന്ന അവസരങ്ങൾ ഒരുപക്ഷേ, നമ്മിൽ പലരും ചോദിച്ചുപോയേക്കാം. എന്റെ ദൈവമേ, എന്തുകൊണ്ട് നീ പോലും എന്നെ കൈവിട്ടു? ആർക്കും വേണ്ടാത്ത ഒരു ഭാരമായിട്ട് എന്തുകൊണ്ട് ഞാനിങ്ങനെ? സ്നേഹമുള്ളവരേ, കാൽവരിയിൽ നിശബ്ദത പാലിച്ച ദൈവം സംസാരിച്ച ദിനമാണ് ഉയിർപ്പ് ദിനം. ഉയിർപ്പുതിരുന്നാൽ തന്റെ സ്വപ്നസാക്ഷാത്കാരത്തിനായി ഈ ലോകത്തിലേയ്ക്കു വന്ന പുത്രനെ പിതാവ് ഉപേക്ഷിച്ചിട്ടില്ല, ഇനി ഒരിക്കലും ഉപേക്ഷിക്കുകയുമില്ല എന്ന് പിതാവ് നൽകിയ സാക്ഷ്യമാണ്. ഈ വിശുദ്ധവാരത്തിൽ നാം ഇന്നലെവരെ ചൊല്ലിയ ത്രിസന്ധ്യാജപത്തിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായല്ലോ. മിശിഹാ നമുക്കുവേണ്ടി മരണത്തോളം കീഴ്വഴങ്ങി. അതേ അവിടുന്ന് കുരിശുമരണത്തോളം കീഴ്വഴങ്ങി. അതിനാൽ സർവ്വേശ്വരൻ അവിടുത്തെ ഉയർത്തി എല്ലാ നാമത്തെയുംകാൾ ഉന്നതമായ നാമം അവിടുത്തേയ്ക്കു നൽകി.

മനുഷ്യരായ നമ്മൾ നമ്മുടെ പദ്ധതികൾക്കും ഭാവനകൾക്കുമനുസരിച്ച് വിഭാവനം ചെയ്യുന്ന കാര്യങ്ങൾക്കുമപ്പുറം ദൈവഹിതപ്രകാരം തന്റെ ജീവിതങ്ങളെ ക്രമപ്പെടുത്തുന്ന ഏതൊരുവന്റെയും ജീവിതത്തിൽ സർവ്വേശ്വരൻ തക്കസമയത്ത് ഇടപെടുന്നവനാണ് എന്ന വലിയ സന്ദേശമാണ് ഈ ഉത്ഥാനത്തിരുന്നാൾ നമുക്ക് നൽകുന്നത്. അതുകൊണ്ട് ഇപ്രകാരം നമ്മുടെ ജീവിതത്തിലും വേദനയുടെയും, നിരാശയുടെയും, ആരുമില്ലാ എന്ന തോന്നലിന്റെയും, ഞാൻ ചെയ്യുന്ന കാര്യങ്ങളെല്ലാം പരാജയത്തിലണല്ലോ അവസാനിക്കുന്നത് എന്ന ചിന്തകളുടെയും, സന്ദർഭങ്ങളിൽ ക്രൂശിതനിലേയ്ക്ക് ഒന്നു നോക്കുവാൻ നിനക്കു സാധിക്കുന്നുണ്ടോ? കാൽവരിയുടെ ഏകാന്തതയിൽ, എല്ലാ

വരാലും ഉപേക്ഷിക്കപ്പെട്ട് നിന്ദിതനും പീഢിതനുമായി മരണത്തെ മുഖാഭിമുഖം കാത്തുകിടന്ന അവനിൽ ഉത്ഥിതന്റെ വിജയഭേരി നിനക്കു കാണുവാൻ സാധിക്കുന്നുവെങ്കിൽ ഈ നിമിഷം മുതൽ നിന്റെ ജീവിതവും ധന്യമായി. കാരണം പരാജയത്തിന്റെ ഏറ്റവും ബലഹീനമായ നിമിഷങ്ങളിലാണ് ഒരുവൻ തന്റെ വിജയത്തിലേയ്ക്കുള്ള കുതിപ്പ് നടത്തുന്നത്.

ഒരുവൻ എത്രത്തോളം ചെറിയവനാകുന്നുവോ അവിടെയാണ് അവന്റെ വലിപ്പം അളക്കപ്പെടുക. പ്രകൃതിയിലേയ്ക്ക് ഒന്നു നോക്കൂ ഒരു മണൽത്തരിയുടെയോ കടുകുമണിയുടെയോ രഹസ്യം ആർക്കെങ്കിലും മനസ്സിലാക്കാൻ കഴിയുമോ? അതുമല്ലെങ്കിൽ ശാസ്ത്രത്തിന്റെ പിൻബലത്തിൽ പ്രപഞ്ചരഹസ്യത്തെ അറിയുവാൻ ശ്രമിക്കുന്നവർക്ക് മനസ്സിലാവും ഏറ്റവും ചെറിയ ഒരു കണം (ആറ്റം)ത്തിൽ നിന്നാണ് ഈ പ്രപഞ്ചമൊക്കെയും ഉണ്ടായത് എന്ന്. അങ്ങനെയെങ്കിൽ തിരുവുത്ഥാനവും നമുക്കു നൽകുന്ന സന്ദേശം മറ്റൊന്നുമല്ല. എവിടെയൊക്കെ ഒരുവൻ തന്റെ തന്നെ മഹത്വവും സ്വന്തം നേട്ടങ്ങളും ഉപേക്ഷിച്ച് സ്വയം ശൂന്യവത്ക്കരിച്ച് ദൈവഹിതത്തിനു കീഴ്‌വഴങ്ങുന്നുവോ അവിടെ ദൈവത്തിന്റെ ഇടപെടലുകളുണ്ട്. ദൈവം അവനെ കരംപിടിച്ചുയർത്തുന്ന സുന്ദരമായ മുഹൂർത്തങ്ങളുണ്ട്.

എല്ലാവർക്കും ഉയിർപ്പുതിരുന്നാളിന്റെ മംഗളങ്ങൾ ഏറെ സ്നേഹത്തോടെ ഒരിക്കൽക്കൂടി നേരുന്നു. ഉത്ഥിതന്റെ നൽകുന്ന സമാധാനത്തിൽ നമ്മുടെ ജീവിതങ്ങൾ ലോകത്തിൽ നന്മനിറയ്ക്കുന്ന ഇടങ്ങളാവട്ടെ. ◆

